എം.റ്റി(3)52359/07 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി: 26-04-2008.

## സർക്കുലർ നമ്പർ. 24/08

വിഷയം : സഹകരണ വകുപ്പ് - കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.4203 - സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ടി സംഘത്തിൽ നിന്നും ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന : 1) സംഘം ഭരണസമിതിയുടെ 10/3/2008 ലെ 156-ാം നമ്പർ തീരുമാനം
2) ആലപ്പുഴ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 13/3/2008 ലെ എച്ച്.എം.1564/2008 നമ്പർ കത്ത്

4203-ാം നമ്പർ കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ടിയൽ സഹകരണ സംഘത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് സമാഹരിക്കുന്നതിലേക്കായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ കാർത്തികപള്ളി, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, പത്തനംതിട്ട, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി എന്നീ താലൂക്കുകളിലെ മറ്റ് സഹകരണ സംഘങ്ങൾ സംഘത്തിൽ നിന്നും ഓഹരിയെടുക്കുന്നതിന് സഹകരണ സംഘം രജിസ്ടാറുടെ അനുമതിക്കായി സൂചന (1) പ്രകാരം സംഘം ഭരണസമിതി തീരുമാനം കൈക്കൊള്ളുകയും , പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിന് സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ കാർത്തികപള്ളി, മാവേലിക്കര, ചെന്നൂർ, തിരുവല്ല, പത്തനംതിട്ട, പത്തനാപുരം, കുന്നത്തൂർ,കരുനാഗപ്പള്ളി എന്നീ താലൂക്കുകളിലെ മുഴുവൻ സംഘങ്ങൾക്കും ടി സംഘത്തിൽ നിന്നും ഓഹരിയെടുക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് സൂചന (2) പ്രകാരം ആലപ്പുഴ ജനറൽ വിഭാഗം ജോയിന്റ് രജിസ്ടാർ ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ബൈലോ

നിയമാവലി (4) പ്രകാരം ആയതിന് വ്യവസ്ഥയുണ്ട്. 1969 ലെ കേരള സഹകരണ സംഘം ആക്ട് വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘങ്ങൾക്ക് മറ്റു സഹകരണ സംഘങ്ങളിൽ ഓഹരി/സെക്യൂരിറ്റി എന്നിവയിൽ രജിസ്ട്രാറുടെ അനുമതിയോടെ നിക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അതാത് സംഘങ്ങളുടെ ബൈലോ വ്യവസ്ഥക്കും, കേരള സഹകരണ നിയമം/ചട്ടം എന്നിവയ്ക്കും വിധേയമായി കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.4203 ൽ ഓഹരിയെടുക്കുന്നതിന് ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ കാർത്തികപള്ളി, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, പത്തനംതിട്ട, പത്തനാപുരം, കുന്നത്തൂർ, കരുനാഗപ്പള്ളി എന്നീ താലൂക്കുകളിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

ഒപ്പ്
റാണി ജോർജ്. ഐ.എ.എസ്
സഹകരണ സംഘം രജിസ്ടാർ

സെക്രട്ടറി
കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ്
ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ലിപ്തം നമ്പർ.4203
കായംകുളം - 690502

പകർപ്പ് - 1) ജോയിൻറ് രജിസ്ടാർ (ജനറൽ/ആഡിറ്റ)
ആലപ്പുഴ,പത്തനംതിട്ട, കൊല്ലം (സർക്കുലർ നിർദ്ദേശം സഹകരണ സംഘളുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.)
2) അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)
കാർത്തികപള്ളി, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, പത്തനംതിട്ട,പത്തനാപുരം, കുന്നത്തൂർ,കരുനാഗപ്പള്ളി
3) സ്റ്റോക്ക് ഫയൽ 4) സ്പെയർ

// ആജ്ഞാനുസരണം //

സഹകരണ സംഘം രജിസ്ടാർക്കുവേണ്ടി